പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഈ പദ്ധതിയിലേക്ക് ഭൂമി ദാനമായി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ കല്യാൺ ജ്വവലേഴ്സ് 24 ഫ്ലാറ്റുകൾ സൗജന്യമായി വച്ച് തരുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇടുക്കി ജില്ലയിൽ എസ്.ഡി. ഫൗണ്ടേഷൻ 20 വില്ലകൾ സൗജന്യമായി പണിതു തരുന്നുണ്ട്. ഇവയുടെ നടപടികൾ നടന്നുവരുന്നു.

**ഇ-രേഖാ പദ്ധതി**

7(*247) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-രേഖാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്. ഇ-രേഖാ പദ്ധതിപ്രകാരം സർവ്വേ സംബന്ധമായ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനും, സംരക്ഷിക്കപ്പെട്ട റിക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ് സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വേ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും സുതാര്യവും ആക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(ബി) കേരളാ ലാൻറ് ഇൻഫർമേഷൻ മിഷന്റെ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കോർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി.-യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS

LIBRARY ARCHIVES Kerala Legislative Assembly

അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ സംവിധാനവും നൽകുന്നതിനും 9-ാം എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. ആയതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള ഭൂരേഖകൾ ജില്ലാതലത്തിൽ ഡിജിറ്റൈസ് ചെയ്യുന്നതിന് 12 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുകയും ഇതിൽ മുഴുവൻ ഡിജിറ്റൈസേഷൻ സെന്ററുകളും പ്രവർത്തന സജ്ജമായിട്ടുള്ളതുമാകുന്നു. ജില്ലാതല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ഏകോപനത്തിനായി തിരുവനന്തപുരത്ത് സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ജില്ലാതലങ്ങളിലുള്ള റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേറെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലുമാണ്.

## വിദ്യാഭ്യാസ അവകാശ നിയമം

8(*248) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുംവിധത്തിൽ സ്കൂളുകളുടെ ഘടനാമാറ്റം പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) :

(എ&ബി) 2009-ലെ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമപ്രകാരം പ്രാഥമിക വിദ്യാഭ്യാസം 1 മുതൽ 8 വരെ ക്ലാസുകളിലായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ച് 30-4-2011-ലെ ജി.ഒ.(പി) 100/11/പൊവി.വ. പ്രകാരം സംസ്ഥാനം വിദ്യാഭ്യാസ അവകാശചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 6(2) പ്രകാരം ആ പ്രദേശത്തെ വിദ്യാഭ്യാസ ആവശ്യവും നിലവിലുള്ള അയൽപക്ക സ്കൂളുകളിൽ ആവശ്യമായ ക്ലാസുകളുടെ ലഭ്യതയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടേയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും വ്യക്തമായ ശിപാർശയും കണക്കിലെടുത്ത് നിലവിലുള്ള 1 മുതൽ 4 വരെ ക്ലാസുകളുള്ള ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 5 മുതൽ 8 വരെയും

LIBRARY ARCHIVES Kerala Legislative Assembly